പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 560 12.06.2012-ൽ മറുപടിയ്ക്ക്

## സ്പോർട്സ് വകുപ്പിന് ലഭിച്ച ഫണ്ടും ചെലവഴിച്ച തുകയും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി. അബ്ദുൾ ഖാദർ | ശ്രീ. കെ.ബി. ഗണേഷ്കുമാർ<br>(വനവും, സ്പോർട്സും, സിനിമയും വകുപ്പു മന്ത്രി) |
| (എ) സ്പോർട്സ് വകുപ്പിന് കഴിഞ്ഞ വർഷം ലഭിച്ച പ്ലാൻ ഫണ്ട് തുകയും അതിൽ 2012 മാർച്ച് 31 വരെ ചെലവഴിച്ച തുകയും എത്രയെന്ന വിശദാംശം ലഭ്യമാക്കുമോ ; | (എ) 2011 – 2012 സാമ്പത്തിക വർഷം കായിക യുവജന കാര്യ വകുപ്പിന് 32,25,08,000/- (മുപ്പത്തി രണ്ട് കോടി ഇരുപത്തിയഞ്ച് ലക്ഷത്തി എണ്ണായിരം രൂപ) പ്ലാൻ ഫണ്ട് തുക അനുവദിച്ചതിൽ 8,25,14,707/- രൂപ 2012 മാർച്ച് 31 വരെ ചെലവഴിച്ചിട്ടുണ്ട്. കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന് അനുവദിച്ച 16,25,00,000/- രൂപ മുഴുവൻ ചെലവഴിച്ചിട്ടുണ്ട്. നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റിന് 2011-2012 സാമ്പത്തിക വർഷം പ്ലാൻ ഫണ്ട് അനുവദിച്ചിട്ടില്ല. |
| (ബി) സ്പോർട്സ് വകുപ്പിനു കീഴിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്തൊക്കെയാണ് ; ഓരോ പദ്ധതിക്കും കേന്ദ്രം അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ ; | (ബി) ഈ വകുപ്പിൽ നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ താഴെ പറയുന്നവയാണ്.<br>1. പഞ്ചായത്ത് യുവക്രീഡാ ഓർ ഖേൽ അഭിയാൻ (പൈക്ക)<br>2. അർബൻ സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് പ്രോഗ്രാം.<br>3. 35-ാമത് ദേശീയ ഗെയിംസിന്റെ നടത്തിപ്പ്<br>പൈക്ക പദ്ധതി, 35-ാമത് ദേശീയ ഗെയിംസിന്റെ നടത്തിപ്പ് എന്നിവയ്ക്കായി കഴിഞ്ഞ സാമ്പത്തിക വർഷം കേന്ദ്ര സർക്കാരിൽ നിന്നും ഫണ്ട് ലഭിച്ചിട്ടില്ല.<br><br>സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് സ്കീം പ്രകാരം കോട്ടയത്ത് ഒരു മൾട്ടി പർപ്പസ് ഹാൾ നിർമ്മിയ്ക്കാൻ കേന്ദ്ര സർക്കാരിൽ സമർപ്പിച്ച 7.25 കോടി രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ട്. ഇതിൽ 6 കോടി രൂപ കേന്ദ്ര അർബൻ സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് സ്കീം പ്രകാരം കേന്ദ്ര സർക്കാർ നല്കുന്നതാണ്. ആദ്യ ഗഡുവായ 3,87,50,000/- രൂപ അനുവദിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (സി) സ്പോർട്സ് വകുപ്പിന്റെ ഓരോ ഹെഡിലും കഴിഞ്ഞ സാമ്പത്തിക വർഷം ലഭിച്ച തുകയുടേയും ഓരോന്നിലും 2012 മാർച്ച് 31 വരെ ചെലവഴിച്ച തുകയുടെയും വിശദാംശം ലഭ്യമാക്കാമോ ? | (സി) I. കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ ഹെഡ് ഓഫ് അക്കൗണ്ട് :-<br>1. 2204-00-104-97-09 - (പ്ലാൻ) 16,25,00,000/- രൂപ<br>2. 2204-00-104-97-36 - (നോൺ പ്ലാൻ) 7,01,24,000/- രൂപ<br>3. അഡീഷണൽ ഗ്രാന്റ് (പ്ലാൻ) 1,00,00,000/- രൂപ<br>4. ക്യാഷ് അവാർഡ് 2204-00-104-95 (നോൺ പ്ലാൻ) 1,50,00,000/- രൂപ | മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. |
| | II നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് | പ്ലാൻ ഇനത്തിൽ തുക അനുവദിച്ചിട്ടില്ല. നാഷണൽ ഗെയിംസിന്റെ ഹെഡ്സ് കായികയുവജനകാര്യാലയം മുഖേനയായിതിനാൽ ആയതിന്റെ അനുബന്ധത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| | III കായിക യുവജന കാര്യാലയം | അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.